# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4316 — 21.3.2018 ലെ മറുപടിയ്ക്ക്

### നീതി ആയോഗും കേരളത്തിലെ പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേന്ദ്രത്തിലെ "നീതി ആയോഗ്" കേരളത്തിലെ പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായതുകൊണ്ട് കേരളത്തിന് വന്നുചേർന്നിട്ടുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്; ഇത് കേരളത്തിന്റെ ആസൂത്രണ പ്രക്രിയയെ ഏതെല്ലാം തരത്തിലാണ് ബാധിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ? | (എ)& (ബി) നിലവിലുള്ള കേന്ദ്ര സർക്കാർ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കുകയും അതിനുപകരമായി നീതി ആയോഗ് എന്ന സംവിധാനം നിലവിൽ വരുത്തുകയും ചെയ്തു. കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കുകയും പദ്ധതി, പദ്ധതിയേതര എന്ന തരം തിരിവ് നിർത്തലാക്കാൻ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയ്ക്ക് കേന്ദ്രത്തിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന അധികകേന്ദ്ര സഹായം (Additional Central Assistance), സാധാരണ കേന്ദ്ര സഹായം (Normal Central Assistance), ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance) എന്നിവ നിർത്തലാക്കുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതികൾ മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നീതി ആയോഗിന് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ട ആവശ്യകതയില്ല. കൂടാതെ പല കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും മുൻപ് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര വിഹിതത്തിന്റെ അനുപാതം കുറയ്ക്കുകയും ചെയ്തു. ഇതു |

സംസ്ഥാനത്തിന്റെ ബാധ്യതയായി മാറി.

എന്നിരുന്നാലും കേരള സർക്കാർ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി (2017-2022) മുന്നോട്ട് പോകുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി വിവിധ വിഷയ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ പതിമൂന്നാം പദ്ധതിയുടെ സമീപന രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇവയുടെ എല്ലാം ശുപാർശയുടെ അടിസ്ഥാനത്തിൽ ആണ് 2017-18, 2018-19 വാർഷിക പദ്ധതികൾക്ക് അന്തിമരൂപം നൽകിയത്.

സെക്ഷൻ ഓഫീസർ